**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 54** **23-08-2022 - ൽ മറുപടിയ്ക്ക്**

**പത്താംതരം പ്രാഥമിക പരീക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പന്ത്രണ്ട് ലക്ഷത്തോളം ഉദ്യോഗാർത്ഥികൾ പങ്കെടുത്ത, ആറ് ഘട്ടങ്ങളിലായി നടത്തിയ പി.എസ്.സി.യുടെ പത്താംക്ലാസ്സ് പ്രാഥമിക പരീക്ഷയുടെ ഓരോ ഘട്ടത്തിലും പല നിലവാരത്തിലുള്ള ചോദ്യക്കടലാസുകളാണ് ഉപയോഗിച്ചത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് ഉദ്യോഗാർത്ഥകൾക്കുണ്ടായിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ചോദ്യപ്പേപ്പറുകളുടെ രഹസ്യാത്മകത പരമാവധി കാത്തു സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനാലും, ചോദ്യകർത്താക്കൾ തമ്മിൽ പരസ്പരം ബന്ധപ്പെടുവാൻ യാതൊരു സാഹചര്യവും കേരള പി.എസ്.സി സ്വീകരിക്കാത്തതിനാലുമാണ് ഒരേ സിലബസ്സ് ഉപയോഗിച്ച് പല ഘട്ടങ്ങളിലായി നടത്തുന്ന പരീക്ഷകളിൽ ചോദ്യങ്ങളുടെ നിലവാരത്തിൽ ചില ഏറ്റക്കുറച്ചിലുകൾ സംഭവിക്കുന്നത്.<br><br>ഒരു പരീക്ഷയുടെ വിവിധ ചോദ്യപ്പേപ്പറുകളിലെ ഓരോ ചോദ്യത്തിന്റേയും difficulty level താരതമ്യം ചെയ്ത് മാർക്ക് normalise (standardise) ചെയ്താണ് ചുരുക്ക പട്ടിക / അർഹത പട്ടിക പ്രസിദ്ധീകരിക്കുന്നത്. ഇത്തരത്തിൽ മാർക്കുകൾ ക്രമീകരിക്കുന്നതിന് ഒരു വിദഗ്ധ സമിതിയ്ക്ക് കമ്മീഷൻ രൂപം നൽകിയിട്ടുണ്ട്. ടി സമിതിയുടെ ശുപാർശകൾക്ക് അനുസൃതമായാണ് മാർക്ക് ക്രമീകരണം നടത്തുന്നത്. |
| (ബി) | ഒരേ വിദ്യാഭ്യാസയോഗ്യത അനുസരിച്ചുള്ള പല ഘട്ടങ്ങളിലായി നടക്കുന്ന പ്രാഥമിക പരീക്ഷകളിൽ പല നിലവാരത്തിലുള്ള ചോദ്യപേപ്പർ ഉപയോഗിക്കുമ്പോൾ ഒരു കാറ്റഗറിയിലെ തസ്തികയ്ക്ക് പല ഘട്ടങ്ങളിൽ പരീക്ഷ എഴുതിയ ഉദ്യോഗാർത്ഥികളെ ചേർത്തൊരു ചുരുക്ക പട്ടിക തയ്യാറാക്കുന്നതിന് പി.എസ്.സി. സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങളും രീതികളും എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | ചോദ്യപ്പേപ്പറുകളുടെ രഹസ്യാത്മകത പരമാവധി കാത്തു സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനാലും, ചോദ്യകർത്താക്കൾ തമ്മിൽ പരസ്പരം ബന്ധപ്പെടുവാൻ യാതൊരു സാഹചര്യവും കേരള പി.എസ്.സി സ്വീകരിക്കാത്തതിനാലുമാണ് ഒരേ സിലബസ്സ് ഉപയോഗിച്ച് പല ഘട്ടങ്ങളിലായി നടത്തുന്ന പരീക്ഷകളിൽ ചോദ്യങ്ങളുടെ നിലവാരത്തിൽ ചില ഏറ്റക്കുറച്ചിലുകൾ സംഭവിക്കുന്നത്.<br><br>ഒരു പരീക്ഷയുടെ വിവിധ ചോദ്യപ്പേപ്പറുകളിലെ ഓരോ ചോദ്യത്തിന്റേയും difficulty level താരതമ്യം ചെയ്ത് മാർക്ക് normalise (standardise) ചെയ്താണ് ചുരുക്ക പട്ടിക / അർഹത പട്ടിക |

| | | | |
|---|---|---|---|
| | | | പ്രസിദ്ധീകരിക്കുന്നത്. ഇത്തരത്തിൽ മാർക്കുകൾ ക്രമീകരിക്കുന്നതിന് ഒരു വിദഗ്ധ സമിതിയ്ക്ക് കമ്മീഷൻ രൂപം നൽകിയിട്ടുണ്ട്. ടി സമിതിയുടെ ശുപാർശകൾക്ക് അനുസൃതമായാണ് മാർക്ക് ക്രമീകരണം നടത്തുന്നത്. |
| (സി) | ഇത്തരത്തിൽ പല ഘട്ടങ്ങളിലായി നടക്കുന്ന പ്രാഥമിക പരീക്ഷകളിൽ പല നിലവാരത്തിലുള്ള ചോദ്യപേപ്പർ ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഭാവിയിൽ ഒരേ സിലബസുപയോഗിച്ച് ഒന്നിലധികം ഘട്ടങ്ങളിലായി നടത്തുന്ന പരീക്ഷകളിലും നിലവിലുള്ള രീതിയിൽ ചോദ്യങ്ങളുടെ നിലവാരത്തിൽ ഏകീകൃത സ്വഭാവം സ്വീകരിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ